(എ) ഗതാഗത വകുപ്പുമന്ത്രി, അദ്ദേഹം അതോറിറ്റിയുടെ ചെയർപേഴ്സൺ ആയിരിക്കുന്നതാണ്;

(ബി) സംസ്ഥാന സർക്കാരിന്റെ ഗതാഗത വകുപ്പ് സെക്രട്ടറി, അദ്ദേഹം അതോറിറ്റിയുടെ വൈസ് ചെയർപേഴ്സൺ ആയിരിക്കുന്നതാണ്;

(സി) അർബൻ മൊബിലിറ്റി പ്രദേശത്തെ മേയർ;

(ഡി) അർബൻ മൊബിലിറ്റി പ്രദേശത്തെ നിയമസഭാ സാമാജികരിൽ നിന്നും സംസ്ഥാന സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു സാമാജികൻ;

(ഇ) അർബൻ മൊബിലിറ്റി പ്രദേശത്തെ മുനിസിപ്പൽ ചെയർമാന്മാരിൽ നിന്നും സംസ്ഥാന സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു മുനിസിപ്പൽ ചെയർമാൻ;

(എഫ്) സംസ്ഥാന സർക്കാരിന്റെ ധനകാര്യ വകുപ്പ് സെക്രട്ടറി-എക്സ്-ഒഫീഷ്യോ;

(ജി) സംസ്ഥാന സർക്കാരിന്റെ തദ്ദേശസ്വയംഭരണ വകുപ്പിന്റെ നഗരകാര്യങ്ങളുടെ ചുമതല വഹിക്കുന്ന സെക്രട്ടറി-എക്സ്-ഒഫീഷ്യോ;

(എച്ച്) സംസ്ഥാന സർക്കാരിന്റെ ട്രാൻസ്പോർട്ട് കമ്മീഷണർ-എക്സ്-ഒഫീഷ്യോ;

(ഐ) അർബൻ മൊബിലിറ്റി പ്രദേശം ഉൾപ്പെടുന്ന ജില്ലയുടെ ജില്ലാ കളക്ടർ-എക്സ്-ഒഫീഷ്യോ;

(ജെ) ബന്ധപ്പെട്ട സിറ്റി പോലീസ് കമ്മീഷണർ- എക്സ്-ഒഫീഷ്യോ;

(കെ) ചീഫ് ടൗൺ പ്ലാനർ- എക്സ്-ഒഫീഷ്യോ;

(എൽ) ബന്ധപ്പെട്ട അർബൻ മൊബിലിറ്റി പ്രദേശത്ത് അധികാരിതയുള്ള ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ-എക്സ്-ഒഫീഷ്യോ;

(എം) ബന്ധപ്പെട്ട അർബൻ മൊബിലിറ്റി പ്രദേശത്ത് അധികാരിതയുള്ള നഗര-ഗ്രാമാസൂത്രണ വകുപ്പിലെ ജില്ലാ ഓഫീസർ- എക്സ്-ഒഫീഷ്യോ;

(എൻ) സംസ്ഥാന സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന, ഗതാഗത എഞ്ചിനീയറിങ്, നഗരഗതാഗത ആസൂത്രണം, അർബൻ ട്രാൻസ്പോർട്ട് ഓപ്പറേഷൻസ്, കോർപ്പറേറ്റ് ഗവേണൻസ്, ധനകാര്യം അല്ലെങ്കിൽ നിയമം എന്നീ മേഖലകളിൽ ഏതിലെങ്കിലും നിന്നുള്ള നാല് വിദഗ്ദ്ധർ;

(ഒ) അതോറിറ്റിയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ.

(4) അതോറിറ്റിയുടെ യോഗങ്ങളിൽ താഴെപ്പറയുന്ന ആളുകളെ, പ്രത്യേക ക്ഷണിതാക്കളായി, ആ യോഗത്തിൽ അവരുടെ സാന്നിദ്ധ്യം ആവശ്യമുള്ളപ്പോഴൊക്കെ ക്ഷണിക്കാവുന്നതാണ്, അതായത്:—

